പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2933</u> <u>15/12/2015 ൽ മറുപടിയ്ക്ക്</u>

<u>പാഠപുസ്തക അച്ചടിയിലെ ക്രമക്കേട്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

എ) 2015- 16 അദ്ധ്യയന വർഷം വിദ്യാലയങ്ങളിലെ പാഠപുസ്തക അച്ചടിയും വിതരണവും നടത്തുവാൻ ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഈ അദ്ധ്യയന വർഷം എത്ര പുസ്തകങ്ങൾ നാളിതുവരെ അച്ചടിച്ചുവെന്നും ഇനി ഈ വർഷം എത്ര പുസ്തകങ്ങൾ കൂടി അച്ചടിക്കുവാനുണ്ട് എന്നുംവ്യക്തമാക്കുമോ;

എ) 29/04/2015 ൽ ബഹു.വിദ്യാഭ്യാസ മന്ത്രി വിളിച്ച ചേർത്ത പാഠപുസ്തക അവലോകന യോഗത്തിൽ 31/05/2015 നകം ഒന്നാംഘട്ട പാഠപുസ്തക അച്ചടി പൂർത്തീകരിക്കാൻ കഴിയില്ലെന്ന് കെ.ബി.പി.എസ് അറിയിച്ചതിനെ തുടർന്ന് സ.ഉ(കൈ) 174/15/ഉ.വി.വ തീയതി 15/05/2015 പ്രകാരം 60,38,000 പുസ്തകങ്ങൾ വാഴൂർ, മണ്ണന്തല, ഷൊർണ്ണൂർ എന്നീ ഗവ.പ്രസ്സുകൾ മുഖാന്തിരം അച്ചടിക്കുന്നതിന് അനുമതി ഉത്തരവ് ഉന്നതവിദ്യാഭ്യാസ(എച്ച്) വകുപ്പിൽ നിന്നും പുറപ്പെടുവിച്ചു. എന്നാൽ ഉത്തരവായ പ്രകാരമുള്ള തീയതിയിൽ (01.06.2015) ഗവ.പ്രസ്സുകൾക്കും അച്ചടി പൂർത്തിയാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ കെ.ബി.പി.എസ് സന്നദ്ധത അറിയിച്ചതിനെ തുടർന്ന് ഗവ.പ്രസ്സിൽ അച്ചടിക്കാതെ ശേഷിച്ച 43 ലക്ഷം ഒന്നാംഘട്ട പാഠപുസ്തകങ്ങൾ 2015 ജൂലൈ 20 നകം അച്ചടി പൂർത്തികരിച്ച് നൽകണമെന്ന വ്യവസ്ഥയിൽ സ.ഉ(സാധാ) നം.2507/15/പൊവിവ തീയതി 23.06.2015 പ്രകാരം കെ.ബി.പി.എസ് ന് അനുമതി ഉത്തരവ് നൽകിയിരുന്നു.അതു പ്രകാരം ഒന്നാംഘട്ട പാഠപുസ്തകങ്ങൾ 20.07.2015 നകം തന്നെ അച്ചടി പൂർത്തീകരിച്ചിട്ടുള്ളതും വിതരണം നടത്തിയിട്ടുള്ളതുമാണ്.

രണ്ടാം ഘട്ട പാഠപുസ്തകങ്ങളുടെ അച്ചടി സംബന്ധിച്ചിടത്തോളം സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഇൻഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായതായി കെ.ബി.പി.എസ് അറിയിച്ചിട്ടുണ്ട്. അധികമായി ആവശ്യമുള്ള പുസ്തകങ്ങൾക്കുള്ള ഇൻഡന്റ് 07/12/2015 നകം നൽകുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിരുന്നു. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയായിട്ടുണ്ട്.

ബി 2015-16 അദ്ധ്യയന വർഷം പ്രസ്തുത അച്ചടിക്കും വിതരണത്തിനുമായി എത്ര തുകയാണ് നാളിതുവരെ പ്രസ്തുത

(ബി) പാഠപുസ്തക അച്ചടിക്കായി 2015-16 അദ്ധ്യയന വർഷത്തിൽ 1,91,33,333/- രൂപ അഡ്വാൻസായി ടെക്സ്റ്റ് ബുക്ക് ഓഫീസിൽ നിന്നും, കെ.ബി.പി.എസിന് നൽകിയിട്ടുണ്ട്. ബാക്കി

സ്ഥാപനങ്ങൾക്ക് നൽകിയതെന്നും ഓരോ സ്ഥാപനത്തിനും ഈയിനത്തിൽ എത്ര തുക നൽകാനുണ്ട് എന്നും വ്യക്തമാക്കുമോ;

നൽകാനുള്ള തുക അച്ചടി സംബന്ധിച്ച് അനുബന്ധ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക്, കെ.ബി.പി.എസിന് നല്കേണ്ടതായിട്ടുണ്ട്. ഹയർ സെക്കണ്ടറി പാഠപുസ്തക അച്ചടിയ്ക്കായി തുക അനുവദിച്ചിട്ടില്ല. പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്കു നല്കികഴിഞ്ഞ ശേഷം ലഭ്യമാകുന്ന തുക അതാതു പ്രിൻസിപ്പാൾമാർ പ്രിന്ററെ ഏൽപ്പിക്കുകയാണ് ചെയ്യാറുള്ളത്..

സി) പ്രസ്തുത പാഠപുസ്തക അച്ചടിയിൽ വ്യാപകമായ ക്രമക്കേട് നടന്നതായി ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

ഡി) 2015-16 അധ്യയന വർഷം ഒന്നു മുതൽ എട്ടു വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് നൽകുവാൻ സർക്കാരോ, സർക്കാർ നിശ്ചയിച്ച സ്ഥാപനമോ, സി-ആപ്റ്റ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പുസ്തകങ്ങൾ അച്ചടിക്കുവാനാണ് ഏൽപ്പിച്ചത് ; വിശദമാക്കുമോ ;

(സി) & (ഡി) ഒന്നു മുതൽ എട്ടുവരെയുള്ള ക്ലാസുകളിലെ 2015-16 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടി സി-ആപ്റ്റ് പുറം കരാർ നൽകിയതിൽ വ്യാപക ക്രമക്കേട് നടന്നതായുള്ള ആരോപണങ്ങളിന്മേൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. പുറം കരാർ നൽകിയ ടെൻഡർ നടപടി ക്രമങ്ങളിൽ സുതാര്യതയില്ലാത്തതിനാലും M/s മണിപ്പാൽ ടെക്നോളജീസ് ലിമിറ്റഡിന് കൂടിയ തുകയ്ക്ക് ടെണ്ടർ ഏൽപ്പിച്ച നടപടി സംശയമുളവാക്കുന്നതിനാലും മാനേജിംഗ് ഡയറക്ടർ എന്ന നിലയ്ക്ക് ശ്രീ. സജിത് വിജയരാഘവൻ ആർജ്ജിച്ച സ്വത്തുകളിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുവാനും റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്നു. ആയതിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് തുടർ നടപടി സ്വീകരിച്ചുവരുന്നു. 1 മുതൽ 8 വരെ ക്ലാസ്സിലെ 4339700 പാഠപുസ്തകങ്ങൾ അച്ചടിക്കാൻ സി-ആപ്റ്റിന് ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പിന്റെ 10.06.2015 ലെ 15856/എച്ച്2/2015/ഉവിവ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സി-ആപ്റ്റ് മുഖേന അച്ചടി നടക്കുകയുണ്ടായിട്ടില്ല.

(ഇ) സർക്കാരോ സർക്കാർ നിയോഗിച്ച സ്ഥാപനങ്ങളോ അറിയാതെ, സി-ആപ്റ്റ് ആർക്കാണ് പ്രസ്തുത അച്ചടിക്ക് പുറം കരാർ നൽകിയത്; പ്രസ്തുത കരാർ ഏറ്റെടുത്ത സ്ഥാപനത്തിന്റെ ആസ്ഥാനം എവിടെയാണ് ; ടെൻഡർ നടപടികളിൽ എന്തെല്ലാം ക്രമക്കേടുകളാണ് സി-ആപ്റ്റ് നടത്തിയത് എന്നാണ് ധനകാര്യ പരിശോധനാവിഭാഗം കണ്ടെത്തിയത്; വെളിപ്പെടുത്തുമോ ;

(എഫ്) ഇത്തരത്തിൽ സി-ആപ്റ്റ് പുറം കരാർ നൽകിയതുവഴി എത്ര പുസ്തകങ്ങൾ ഈ അധ്യയന വർഷം അച്ചടിച്ച് നൽകി; ആയതിനു ചെലവഴിച്ച തുക എത്ര;

(ഇ) & (എഫ്) കെ.ബി.പി.എസിനും സർക്കാർ പ്രസ്സുകൾക്കും സമയബന്ധിതമായി അച്ചടി പൂർത്തീകരിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ 3.06.2015 -ലെ മന്ത്രിസഭാ തീരുമാന പ്രകാരം 43 ലക്ഷത്തോളം പുസ്തകങ്ങൾ സി-ആപ്റ്റ് വഴി പുറം കരാർ നൽകി അച്ചടിക്കാൻ തീരുമാനമെടുത്തുവെങ്കിലും ടെൻഡർ നടപടികൾക്ക് കാലതാമസമെടുക്കുമെന്നതിനാലും സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നത് കണക്കിലെടുത്തും ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പിൽ നിന്നും 10.06.2015 -ൽ 15856/എച്ച്2/15/ഉവിവ നമ്പർ കത്ത് പ്രകാരം നൽകിയ നിർദ്ദേശം റദ്ദാക്കുകയുണ്ടായി. തുടർന്ന് കെ.ബി.പി.എസ് അച്ചടി തുടരാൻ സന്നദ്ധത അറിയിച്ചതനുസരിച്ച് സ.ഉ.(സാധ) 2907/15/പൊ.വി്വ തീയതി 23/06/2015 പ്രകാരം ഒന്നാംഘട്ട പാഠപുസ്തകങ്ങളിൽ ശേഷിച്ച അച്ചടി

വ്യക്തമാക്കുമോ; പ്രസ്തുത കാലയളവിൽ സി-ആപ്റ്റിന്റെ മാനേജിംഗ് ഡയറക്ടർ ആരായിരുന്നു എന്നും ഇദ്ദേഹത്തിനെതിരെ എന്തെല്ലാം വകുപ്പ്തല നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

2015 ജൂലൈ 20 നകം പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ കെ.ബി.പി.എസിനെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

06.06.2015 ന് തയ്യാറാക്കിയ ടെണ്ടർ നോട്ടീസ് 07.06.2015 ന് വൈകുന്നേരം 5.16 ന് ഇ-ടെണ്ടറായി അപ്പ് ലോഡ് ചെയ്യുകയും ഹിന്ദു, മംഗളം ദിനപ്പത്രത്തിൽ മാത്രം 08.06.2015 ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. കേരളത്തിൽ പ്രചാരത്തിലുള്ള പ്രമുഖ ദിനപത്രങ്ങളെ ഒഴിവാക്കിയ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ നടപടി മനപൂർവ്വമായി കാണുന്നു. സ്റ്റോർ പർച്ചേയ്സ് മാന്വൽ 2013 സെക്ഷൻ 7.13 പ്രകാരം ടെണ്ടർ നോട്ടിഫിക്കേഷന് വ്യാപക പ്രചാരണം നൽകേണ്ടതാണ്. ടെണ്ടർ തുറക്കുന്നതിനുള്ള സമയം, തീയതി, ജോലിയുടെ അടിസ്ഥാന സ്വഭാവം, ടെണ്ടർ കാലയളവ് വെട്ടിച്ചുരുക്കൽ, നിരതദ്രവ്യം അടയ്ക്കുന്നതിനുള്ള കുറഞ്ഞ സമയം, എന്നിവ സംബന്ധിച്ച വിവരങ്ങൾ വിശദ്ധ പരസ്യത്തിൽ നൽകാതിരുന്ന മാനേജിംഗ് ഡയറക്ടറുടെ നടപടികൾ ഗുരുതര വീഴ്ചയാണ്. ലേലം സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി സൂക്ഷിച്ച സി-ആപ്റ്റ് മാനേജരുടെ പ്രവർത്തി കുറ്റകരം തന്നെയാണ്. ഈ കാര്യങ്ങളാണ് ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. പ്രൊ. സജിത്ത് വിജയരാഘവൻ ആയിരിന്നു സി-ആപ്റ്റിന്റെ മാനേജിംഗ് ഡയറക്ടർ. M/s മണിപ്പാൽ ടെക്നോളജീസ് ലിമിറ്റഡിന് കൂടിയ തുകയ്ക്ക് ടെണ്ടർ ഏൽപ്പിച്ച നടപടി സംശയമുളവാക്കുന്നതിനാലും മാനേജിംഗ് ഡയറക്ടർ എന്ന നിലയ്ക്ക് ശ്രീ. സജിത്ത് വിജയരാഘവൻ ആർജ്ജിച്ച സ്വത്തുകളിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുവാനും റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്നു. ആയതിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് തുടർ നടപടി സ്വീകരിച്ചുവരുന്നു

സി-ആപ്റ്റ് മുഖേന അച്ചടി നടക്കുകയുണ്ടായില്ല

.

ജി) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ നാളിതുവരെ അധിക പുസ്തകം അച്ചടിച്ചത്, സിലബസ് മാറ്റം തുടങ്ങിയ കാരണങ്ങളാൽ എത്ര പുസ്തകങ്ങൾ നശിപ്പിച്ചു; ആയതുമായി ബന്ധപ്പെട്ട് സർക്കാർ ഖജനാവിന് എന്ത് തുകയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ ?

(ജി) ഈ സർക്കാരിന്റെ കാലത്ത് പാഠപുസ്തകങ്ങൾ നശിപ്പിച്ചതായി അറിവില്ല.

Sadeelam (signature)

സെക്ഷൻ ഓഫീസർ